**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 162** | **12-02-2024 - ൽ മറുപടിയ്ക്ക്**

**കാലാവധി കഴിഞ്ഞ മരുന്നുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആശുപത്രികളിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ഇല്ല.<br><br>ആരോഗ്യവകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഡ്രഗ് ഡിസ്ട്രിബ്യൂഷൻ ആൻഡ് മാനേജ്മന്റ് സിസ്റ്റം (ഡി.ഡി.എം.എസ്) വഴിയാണ് മരുന്നുകളുടെ വിതരണം നടത്തുന്നത്. പ്രസ്തുത സോഫ്റ്റ് വെയറിലൂടെ കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്യുവാൻ സാധിക്കുകയില്ല. കമ്പനികളിൽ നിന്ന് കെ.എം.എസ്.സി.എൽ ജില്ലാ വെയർ ഹൗസിലേക്കു എത്തുന്ന മരുന്നുകൾ, ഉടനെത്തന്നെ സ്ഥാപനങ്ങളിൽ എത്തിക്കുകയും, സ്ഥാപനങ്ങളിൽ നിന്ന് വിവിധ യൂണിറ്റുകളിലേക്കു വിതരണം ചെയ്യുകയും ചെയ്യുന്നു. എല്ലാ ആശുപത്രികളിലും മെയിൻ സ്റ്റോക്ക്, സബ് സ്റ്റോക്ക് എന്ന രീതിയിലാണ് മരുന്നുകൾ സംഭരിക്കുന്നത്. മെയിൻ സ്റ്റോറിൽ നിന്നും ഒരു ആഴ്ച മുതൽ, ഒരു മാസത്തിൽ താഴെ ഉപയോഗത്തിനുള്ള മരുന്നുകളാണ് ഡി.ഡി.എം.എസ് സോഫ്റ്റ് വെയർ വഴി സബ് സ്റ്റോറിലേക്കു നൽകുന്നത്. എഫ്.ഇ.എഫ്.ഒ ( ഫസ്റ്റ് എക്സ്പയറി ഫസ്റ്റ് ഔട്ട്) തത്വം പാലിച്ചുകൊണ്ടാണ് മരുന്നുകൾ വിതരണം ചെയ്യുന്നത്. ഡി.ഡി.എം.എസ് സോഫ്റ്റ് വെയറിൽ 6 മാസത്തിനുള്ളിൽ കാലാവധി കഴിയുന്ന മരുന്നുകൾ പ്രത്യേകം അറിയിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ഫാർമസികളിലും, വാർഡുകളിലും മറ്റും മരുന്നുകളുടെ എക്സ്പയറി തീയതി എല്ലാ മാസാവസാനവും |

| | | | |
|---|---|---|---|
| | | | പരിശോധിക്കപ്പെടുന്നുണ്ട്. ഏതെങ്കിലും മരുന്നുകളുടെ ഉപയോഗം മന്ദഗതിയിൽ ആവുകയാണെങ്കിൽ, കാലാവധിയ്ക്ക് ആറുമാസം മുൻപ് പ്രസ്തുത മരുന്നുകൾ ആവശ്യമുള്ള സ്ഥാപനങ്ങളിലേക്ക് ഡി.ഡി.എം.എസ് വഴി കൈമാറ്റം ചെയ്തുവരുന്നു. ഇത്തരം നടപടികൾ എല്ലാം ഡി.ഡി.എം.എസ് സോഫ്റ്റ് വെയർ വഴി ചെയ്യുന്നതിനാൽ കാലാവധി കഴിഞ്ഞ മരുന്നുകൾ ഒരു കാരണവശാലും വിതരണം ചെയ്യുവാൻ സാധിക്കുകയില്ല. |
| (ബി) | എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ